# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5367** **31/10/2016-ൽ മറുപടിക്ക്**

## മാൾട്ട പനി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | ജന്തുജന്യ രോഗമായ മാൾട്ട പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | **എ)** | ജന്തുജന്യ രോഗമായ മാൾട്ട പനി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് നാല് കേസുകളും മലപ്പുറത്തുനിന്ന് 2014-ലും പാലക്കാട് നിന്ന് 2016-ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **ബി)** | മാൾട്ട പനി ജനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | **ബി)** | ആരോഗ്യവകുപ്പും ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും മൃഗസംരക്ഷണവകുപ്പും സംയുക്തമായി ബോധവത്കരണ ക്ലാസും, സ്ക്രീനിംഗ് ക്യാമ്പുകളും നടത്തി പാലും പാലുല്പന്നങ്ങളും ശരിയായ രീതിയിൽ അണുവിമുക്തമാക്കി ഉപയോഗിക്കാൻ അവബോധം നൽകി. രോഗം ബാധിച്ചു എന്നു സംശയിച്ച പശുക്കളെ മാറ്റി പാർപ്പിക്കാനും നിർദ്ദേശം നൽകി.<br>കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന സംസ്ഥാന സാംക്രമിക പ്രതിരോധ നിയന്ത്രണസെല്ലിന്റെ കീഴിൽ ഏഴ് മെഡിക്കൽ കോളേജുകളിൽ പ്രവർത്തിച്ചുവരുന്ന റീജിയണൽ പി.ഇ.ഐ.ഡി സെല്ലുകൾ വഴി മാൾട്ട പനിയുടെ രോഗലക്ഷണം, രോഗനിർണ്ണയം, വിദഗ്ധ ചികിത്സ, രോഗസംക്രമണം, രോഗ നിയന്ത്രണം എന്നിവയിൽ ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**